**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 941** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ നിർമ്മിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ വനമേഖലയോട് ചേർന്നുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (എ) | അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വനം മേഖലയോട് ചേർന്ന് കിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽ അരുവിക്കര നിയോജകമണ്ഡലത്തിലെ ആര്യനാട് പാലോട് സെക്ഷൻ പരിധിയിൽ കുട്ടപ്പാറ സെറ്റിൽമെന്റ് പ്രദേശത്ത് 1 കി.മീറ്റർ നീളത്തിൽ NABARD, RIDF Tranche XXIX-ൽ ഉൾപ്പെടുത്തി ആനക്കിടങ്ങ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>2. തിരുവനന്തപുരം ഡിവിഷനിൽ ആറാനക്കുഴി പ്രദേശത്ത് 1 കി.മീ. നീളത്തിൽ ഹാങ്ങിംഗ് ഫെൻസിംഗിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>3. മിഷൻ സോളാർ ഫെൻസിംഗിന്റെ ഭാഗമായി കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിലെ പന്നിയാംകരിക്കകം സെറ്റിൽമെന്റിൽ 850 മീറ്റർ നീളത്തിൽ സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്<br><br>4. കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിന്റെ ചോനാംപാറ മുതൽ കട്ടക്കുറ്റിവരെ 500 മീറ്റർ നീളത്തിൽ ആനക്കിടങ്ങിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു.<br><br>5. കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിലെ പോങ്ങുംകുഴി സെറ്റിൽമെന്റിൽ 1.08 കി.മീറ്റർ സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നു.<br><br>6. കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിലെ അരിയാവിള മുതൽ കൈത്തോട് വരെ 3 |

| | | | |
|---|---|---|---|
| | | | കി.മീറ്റർ സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നു.<br><br>7. പേപ്പാറ വന്യജീവി സങ്കേതത്തിൽ മിഷൻ സോളാർ ഫെൻസിംഗിന്റെ ഭാഗമായി കുന്നത്തേരി സെറ്റിൽമെന്റിൽ 1 കി.മീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ